കുടിവെള്ള പദ്ധതി പ്രവൃത്തിക്കായി വാങ്ങുന്ന പൈപ്പുകൾ

95 [1032] *ശ്രീ. കെ. മോഹൻകുമാർ:*
" *ഇ. എം. അഗസ്തി:*
" *കെ. എ. ചന്ദ്രൻ:*
" *പി. ടി. തോമസ്:*
" *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി പ്രവൃത്തികൾക്ക് ടെണ്ടർ വിളിക്കുമ്പോൾ പ്രസ്തുത ജോലിക്ക് ആവശ്യമായ പൈപ്പ് വാങ്ങേണ്ട കമ്പനികളുടെ പേരും ടെണ്ടറിനൊപ്പം നൽകാറുണ്ടോ;

(ബി) എങ്കിൽ ഇക്കഴിഞ്ഞ രണ്ടു വർഷക്കാലത്ത് ടെണ്ടർ ക്ഷണിച്ച എത്ര വർക്കുകളുടെ ടെണ്ടർ ഫോമിന്റെകൂടെ ഈ വിവരം കൂടി നൽകി എന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം കമ്പനികളുടെ പേരാണ് ഇപ്രകാരം നൽകിയത്; ഈ കമ്പനികൾ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ;

(ഡി) കാമ്പർഗോഡ് ജില്ലയിൽ കുടിവെള്ള പദ്ധതികളുടെ നിർമ്മാണത്തിനായി 2005-ൽ ക്ഷണിച്ച ടെണ്ടർ ഫോമിനോടൊപ്പം പൈപ്പ് വാങ്ങേണ്ട കമ്പനികളുടെ പേര് നൽകിയിരുന്നോ;

(ഇ) എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ;

(എഫ്) മറ്റു കമ്പനികളുടെ പൈപ്പുകൾ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്നതിൽ എന്താണ് തകരാറെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഇക്കഴിഞ്ഞ രണ്ടുവർഷക്കാലത്ത് ടെണ്ടർ ക്ഷണിച്ച 8 കുടിവെള്ള പദ്ധതികളുടെ ടെണ്ടർ ഫോമിന്റെകൂടെ പ്രസ്തുത ജോലികൾക്ക് ആവശ്യമായ പൈപ്പുകൾ ലഭ്യമാകുന്ന കമ്പനികളുടെ പേരും നൽകിയിരുന്നു. BIS/ISO/ISI അംഗീകാരമുള്ള മറ്റു കമ്പനികളിൽ നിന്നുള്ള പൈപ്പുകൾ വാങ്ങാവുന്നതാണെന്നും ടെണ്ടറിൽ ചേർത്തിരുന്നു.

(സി) താഴെ പറയുന്ന കമ്പനികളുടെ പേരുകളാണ് ടെണ്ടറിനൊപ്പം ചേർത്തിരുന്നത്.

1. ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ്, ചെന്നൈ
2. ലാങ്കോ കാലഹസ്തി കാസ്റ്റിംഗ്സ് ലിമിറ്റഡ്, ചെന്നൈ
3. ഹുവാങ്ഫി സിഷ്വാൻവാ പൈപ്പ് കാസ്റ്റിംഗ്സ് ലിമിറ്റഡ്, ചൈന

LIBRARY ARCHIVES Kerala Legislative Assembly

4. ഷാൻ ഡോഗ് ഡക്റ്റൈൽ അയേൺ പൈപ്പ് കമ്പനി ലിമിറ്റഡ്, ചൈന
5. ബെൻക്സി ബെയ്റ്റായി കാസ്റ്റ് പൈപ്പ് ഫിറ്റിംഗ്സ് കമ്പനി ലിമിറ്റഡ്, ചൈന
6. സിൻസിംഗ് ഡക്റ്റൈൽ അയേൺ പൈപ്പ് കമ്പനി ലിമിറ്റഡ്, ചൈന
7. ലാങ്കോകാലഹസ്തി കാസ്റ്റിംഗ്സ് ലിമിറ്റഡ്, ആന്ധ്രാപ്രദേശ്
8. ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ്, കൽക്കത്ത
9. കൊണോറിയ ഷുഗർ ആന്റ് ജനറൽ മാർക്കറ്റിംഗ് കമ്പനി ലിമിറ്റഡ്
10. എ ഇൻഫ്രാസ്ട്രക്ചേർസ്, മുംബൈ
11. ശ്രീവെങ്കിടേശ്വര പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്, സെക്രന്ദ്രാബാദ്

മേൽപ്പറഞ്ഞ കമ്പനികൾ തമ്മിൽ ബന്ധമുള്ളതായി അറിവില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ കുടിവെള്ള പദ്ധതികളുടെ നിർമ്മാണത്തിനായി 2005-ൽ ക്ഷണിച്ച 6 ടെണ്ടറുകളിൽ പൈപ്പ് കമ്പനികളുടെ പേര് നൽകിയിരുന്നു.

(ഇ) ടെണ്ടറുകളിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ബി. ഐ. എസ്./ ഐ. എസ്. ഐ./ഐ. എസ്. ഒ. അംഗീകാരമുള്ള പൈപ്പ് നിർമ്മാണകമ്പനികളെ കുറിച്ചുള്ള അറിവ് കുറവായതു കാരണം മൽസരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുവാൻ വേണ്ടിയാണ് പൈപ്പ് നിർമ്മാതാക്കളുടെ പേരുവിവരം നൽകിയത്.

(എഫ്) ഗുണനിലവാരമുള്ളവയാണെങ്കിൽ മറ്റു കമ്പനികളുടെ പൈപ്പുകൾ ഉപയോഗിക്കുന്നതിന് വാട്ടർ അതോറിറ്റി വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ബി. ഐ. എസ്./ഐ. എസ്. ഐ./ ഐ. എസ്. ഒ. അംഗീകാരമുള്ള കമ്പനികളുടെ പൈപ്പുകൾ മാത്രമേ സപ്ലൈ ചെയ്യാവൂ എന്ന് ടെണ്ടറിൽ പ്രത്യേകം നിഷ്കർഷിക്കുന്നതുകൊണ്ട് ഈ അംഗീകാ രങ്ങൾ ഇല്ലാത്ത കമ്പനികളുടെ പൈപ്പുകൾ സപ്ലൈ ചെയ്യാൻ അനുവദിക്കാറില്ല.

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിലെ അമ്പഴത്തും പാറയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കൽ

96 [1033] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരുവേശ്ശി പഞ്ചായത്തിലെ അമ്പഴത്തും പാറ ഭാഗത്തെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതി പൂർണ്ണമായും പ്രയോജനപ്രദമാക്കുവാൻ ഉദ്ദേശി ക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly